# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## ക്ഷീര കർഷകർക്ക് തൊഴിലുറപ്പ്പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 1626 — 10-02-2020-ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ക്ഷീരോത്പാദക സഹകരണ സംഘാംഗങ്ങളായ ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നൂറ് ദിവസത്തെ വേതനം സർക്കാർ ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ; | (എ) | രണ്ടോ അതിലധികമോ കന്നുകാലികളുള്ള ക്ഷീരകർഷകർക്ക് 10 ലിറ്ററിൽ കുറയാതെയുള്ള പാൽ ക്ഷീര സഹകരണ സംഘത്തിന് നൽകുന്ന ദിവസം ഒരു ദിവസത്തെ വേതനം എന്ന നിരക്കിൽ പരമാവധി 100 ദിവസത്തെ വേതനം അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ നടപ്പ് വർഷം മുതൽ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഇത് പ്രകാരം 3488 കുടുംബങ്ങൾക്ക് ഇതേ വരെ 47,905 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുകയും വേതനം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 100 ദിവസത്തെ വേതനത്തിന് ഇത് വരെ ആരും അർഹരായിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ക്ഷീരോത്പാദന മേഖലകൾ കേന്ദ്രീകരിച്ച് കൂടുതൽ പ്രദേശങ്ങളിൽ പദ്ധതി വ്യാപിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | കേരളത്തിലെ ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്തിനു മാത്രമായി ടി പദ്ധതി ചുരുക്കിയിട്ടില്ല. കേരളത്തിലെ എല്ലാ നഗരസഭകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ.